**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** | **23-02-2026 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള അയ്യപ്പ സംഗമത്തിന്റെ സ്പോൺസർഷിപ്പ് തുക ദേവസ്വം ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ഇനത്തിൽ ധനലക്ഷ്മി ബാങ്കിൽ നിന്ന് 2 കോടി രൂപയും, കേരള ബാങ്കിൽ നിന്നും 1 കോടി രൂപയും (GST ഉൾപ്പെടെ) അദാനി പോർട്ട് ട്രസ്റ്റിൽ നിന്നും 98 ലക്ഷം രൂപയും (18.02.2026-ൽ ലഭിച്ചത്) ഉൾപ്പെടെ ആകെ 3 കോടി 98 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ധനലക്ഷ്മി ബാങ്ക് GST ഇനത്തിൽ പ്രത്യേകമായി 36 ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. കേരള ബാങ്കിന്റെ സ്പോൺസർഷിപ്പ് തുകയിൽ GST കൂടി ഉൾപ്പെടുന്നതിനാൽ ലഭിച്ച 1 കോടി രൂപയിൽ നിന്നും 15,25,424/- രൂപ GST ആയി തുക ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. അദാനി പോർട്ട് ട്രസ്റ്റ് സ്പോൺസർഷിപ്പ് ഇനത്തിൽ നൽകിയ തുകയായ 1 കോടിയിൽ നിന്നും 2 ലക്ഷം രൂപ TDS ഇനത്തിൽ പിടിച്ച ശേഷമുള്ള 98 ലക്ഷം രൂപയാണ് ദേവസ്വം ബോർഡ് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളത്. GST ഉൾപ്പെടെയുള്ള തുകകൾ ഒടുക്ക് വരുത്തിയ ശേഷം സ്പോൺസർഷിപ്പ് ഇനത്തിൽ 3,82,74,576/- രൂപയാണ് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളത്. |
| (ബി) | ആഗോള അയ്യപ്പ സംഗമത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനായി ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ചിരുന്നോ; | (ബി) | ആഗോള അയ്യപ്പ സംഗമത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനായി സർക്കാർ, ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2025-2026 ബഡ്ജറ്റിലെ Expenditure Head 2 G Supplies & Contingencies എന്ന ശീർഷകത്തിന്റെ ഉപശീർഷകമായ 21 Religious convention & Discourse എന്ന ഹെഡിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ, ആഗോള അയ്യപ്പസംഗമത്തിനായി ധനലക്ഷ്മി ബാങ്കിൽ ആരംഭിച്ചിരുന്ന പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും |

| | | | |
|---|---|---|---|
| | | | ടി അക്കൗണ്ടിൽ നിന്നും 3 കോടി രൂപ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)-ന് അഡ്വാൻസ് ഇനത്തിൽ അനുവദിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. |
| (സി) | ആഗോള അയ്യപ്പ സംഗമത്തിന്റെ സ്പോൺസർഷിപ്പ് തുക ലഭ്യമായതിനെ തുടർന്ന് ഈ തുക ദേവസ്വം ബോർഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ഇനത്തിൽ ലഭിച്ചത് ആകെ 3,82,74,576/- രൂപയാണ്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)-ന് അഡ്വാൻസായി അനുവദിച്ച 3 കോടി രൂപ 17.10.2025-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ജനറൽ ഫണ്ട് അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ